**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5546** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുഞ്ഞിനെ ശിശു ക്ഷേമ സമിതിയിൽ ഏല്പിച്ചുവെന്ന യുവതിയുടെ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി ശിശുക്ഷേമ സമിതിൽ ഏല്പിച്ചു എന്ന് കാണിച്ചുകൊണ്ടുള്ള യുവതിയുടെ പരാതി ശിശു ക്ഷേമ സമിതി, കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച പരാതി കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയ്ക്ക് ലഭിച്ചിട്ടില്ല. 22.04.2021 ലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഓൺലൈൻ സിറ്റിങ്ങിൽ തങ്ങളുടെ കുഞ്ഞിനെ അനുപമയുടെ അച്ഛൻ തട്ടികൊണ്ടു പോയെന്നും കുഞ്ഞ് എവിടെയാണ് എന്ന് അറിയില്ല എന്നും ആയതിനെ സംബന്ധിച്ച് പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നൽകിയെന്നും അനുപമയും അജിത് കുമാറും അറിയിച്ചിരുന്നു. 11.08.2021 ന് ശ്രീമതി അനുപമയും ശ്രീ അജിത് കുമാറും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരായി അമ്മത്തൊട്ടിലിൽ കഴിയുന്ന 'X' എന്ന കുഞ്ഞിനെ കാണാനും തങ്ങളുടെ കുഞ്ഞാണോ എന്ന് മനസ്സിലാക്കുവാനും അനുവദിക്കണമെന്ന് അഭ്യർഥിച്ച അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) | ടി വ്യക്തികൾ 11.08.2021-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ശിശുക്ഷേമ സമിതിയുടെ സംരക്ഷണയിൽ നിലവിൽ തുടരുന്ന 'X' എന്ന കുട്ടിയുടെയും അനുപമയുടെയും അജിത് കുമാറിന്റെയും DNA പരിശോധന നടത്താൻ ആവശ്യപ്പെട്ടുകൊണ്ട് 29.09.2021 ൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 05.10.2021-ാം തീയതിയിൽ രേഖപ്പെടുത്തിയ DNA പരിശോധനാ റിപ്പോർട്ട് അനുസരിച്ച് 'X' എന്ന കുട്ടിയുടെ മാതാപിതാക്കളല്ല അനുപമയും അജിത് കുമാറും എന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത DNA റിപ്പോർട്ട് 11.10.2021 ന് കമ്മിറ്റി മുമ്പാകെ ഹാജരായ അനുപമയെ കാണിച്ചു ബോധ്യപ്പെടുത്തിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | 22-10-2020-ന് ശിശുക്ഷേമ സമിതിയിലേൽപ്പിച്ച ഇവരുടെ കുഞ്ഞിനെ മറ്റൊരാൾക്ക് ദത്ത് നൽകി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശിശുക്ഷേമസമിതിയിൽ ഏല്പിക്കുന്ന കുട്ടികളെ ദത്ത് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | ഇത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽ പ്പെട്ടപ്പോൾ തന്നെ സർക്കാർ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവ് നല്കിയിരുന്നു. Juvenile Justice (Care and Protection of Children) Act, 2015, Adoption Regulation, 2017 എന്നിവയിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ദത്ത് നൽകുന്നത്. |

സെക്ഷൻ ഓഫീസർ